പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2409 **27-10-2026-ൽ മറുപടിയ്ക്ക്**

വൈദ്യുതി പ്രസരണത്തിന് ലോഹ കമ്പികൾക്ക് പകരം കേബിളുകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. കുക്കോളി മൊയ്തീൻ	ശ്രീ. സണ്ണി ജോസഫ് (വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

(എ) വൈദ്യുതി പ്രസരണത്തിന് ലോഹ കമ്പികൾ സമ്പൂർണ്ണമായി നീക്കം ചെയ്ത് കേബിളുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി ക്ക് പദ്ധതിയുണ്ടോ എന്ന് അറിയിക്കാമോ;

മറുപടി: വൈദ്യുതി വിതരണ ലൈനുകളിലെ ലോഹക്കമ്പികൾ പൂർണമായും നീക്കം ചെയ്ത് ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നതിന് നിലവിൽ തീരുമാനിച്ചിട്ടില്ല. ഭൂഗർഭ കേബിളുകൾ, ഏരിയൽ ബഞ്ച്ഡ് കേബിൾ (ABC), കവേർഡ് കണ്ടക്ടറുകൾ മുഖേന വൈദ്യുതി എത്തിക്കുന്നത് താരതമേന്യ ചെലവേറിയതായതുകൊണ്ട് ഭീമമായ ചെലവ് വൈദ്യുതി താരിഫിൽ പ്രതിഫലിക്കുന്നതു കൊണ്ടും ദ്യുതി-1, ദ്യുതി-2, RDSS പദ്ധതികളിലൂടെ ഭൂഗർഭ കേബിളുകൾ, ഏരിയൽ ബഞ്ച്ഡ് കേബിൾ, കവേർഡ് കണ്ടക്ടറുകൾ എന്നിവ ഉപയോഗിച്ചുള്ള വിതരണ ശൃംഖലാ നവീകരണം ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നത്. ദ്യുതി-2 പദ്ധതിയുടെ ഭാഗമായി 100 ദിന കർമ്മപരിപാടിയിൽ ലക്ഷ്യമിട്ട 330 കി.മീ. ഏരിയൽ ബഞ്ച്ഡ് കേബിൾ സ്ഥാപിക്കൽ പൂർത്തീകരിച്ചിട്ടുണ്ട്.

2027-28 മുതൽ 2031-32 വരെ നടപ്പിലാക്കാൻ പരിഗണനയിലുള്ള ദ്യുതി-3.0 പദ്ധതിയുടെ മാർഗ നിർദേശങ്ങൾ പ്രകാരം, പുതിയ വൈദ്യുതി ലൈനുകളുടെ നിർമ്മാണം, നിലവിലുള്ള ലൈനുകളുടെ ശേഷിവർധന, റീ-കണ്ടക്ടറിംഗ്, ഫേസ് കൺവേർഷൻ തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) എങ്കിൽ പ്രസ്തുത പദ്ധതി പൂർത്തിയാക്കുന്നതിന് എത്രകാലം വേണ്ടിവരുമെന്ന് അറിയിക്കാമോ;

മറുപടി: വൈദ്യുതി വിതരണ ലൈനുകളിലെ ലോഹക്കമ്പികൾ പൂർണമായും നീക്കം ചെയ്ത് ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നതിന് നിലവിൽ തീരുമാനിച്ചിട്ടില്ല. ഭൂഗർഭ കേബിളുകൾ, ഏരിയൽ ബഞ്ച്ഡ് കേബിൾ (ABC), കവേർഡ് കണ്ടക്ടറുകൾ മുഖേന വൈദ്യുതി എത്തിക്കുന്നത് താരതമേന്യ ചെലവേറിയതായതുകൊണ്ട് ഭീമമായ ചെലവ് വൈദ്യുതി താരിഫിൽ പ്രതിഫലിക്കുന്നതു കൊണ്ടും ദ്യുതി-1, ദ്യുതി-2, RDSS പദ്ധതികളിലൂടെ ഭൂഗർഭ കേബിളുകൾ, ഏരിയൽ ബഞ്ച്ഡ് കേബിൾ, കവേർഡ് കണ്ടക്ടറുകൾ എന്നിവ ഉപയോഗിച്ചുള്ള വിതരണ ശൃംഖലാ നവീകരണം ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നത്. ദ്യുതി-2 പദ്ധതിയുടെ ഭാഗമായി 100 ദിന കർമ്മപരിപാടിയിൽ ലക്ഷ്യമിട്ട 330 കി.മീ. ഏരിയൽ ബഞ്ച്ഡ് കേബിൾ സ്ഥാപിക്കൽ പൂർത്തീകരിച്ചിട്ടുണ്ട്.

2027-28 മുതൽ 2031-32 വരെ നടപ്പിലാക്കാൻ പരിഗണനയിലുള്ള ദ്യുതി-3.0 പദ്ധതിയുടെ മാർഗ നിർദേശങ്ങൾ പ്രകാരം, പുതിയ വൈദ്യുതി ലൈനുകളുടെ നിർമ്മാണം, നിലവിലുള്ള ലൈനുകളുടെ ശേഷിവർധന, റീ-കണ്ടക്ടറിംഗ്, ഫേസ് കൺവേർഷൻ തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

(സി) നിലവിൽ എത്രമാത്രം ദൂരം വീതമാണ് ലോഹ കമ്പികളും യു.ജി കേബിളുകളും എ.ബി.കേബിളുകളും ഉപയോഗിച്ച് വൈദ്യുതി വിതരണം നടത്തുന്നതെന്ന് പ്രത്യേകം അറിയിക്കാമോ;

<u>മറുപടി:</u> വിതരണ മേഖലയിലെ ആകെയുള്ള 69297 കി.മീ. 11/22 കെ.വി. ലൈനുകളിൽ 4514 കി.മീ. ഭൂഗർഭ കേബിളുകളും 4143 കി.മീ. ABC ലൈനുകളും 60483 കി.മീ. ബെയർ കണ്ടക്ടർ ലൈനുകളുമാണ്. ആകെയുള്ള 311206 കി.മീ. LT ലൈനുകളിൽ 10420 കി.മീ. ABC ലൈനുകളും 300786 കി.മീ. ബെയർ കണ്ടക്ടർ ലൈനുകളുമാണ്.

(ഡി) കെ.എസ്.ഇ.ബി വൈദ്യുതി പ്രസരണത്തിന് ഉപയോഗിക്കുന്ന ലോഹ കമ്പികൾ, കേബിൾ ലൈനുകൾ ആക്കി മാറ്റുമ്പോൾ സ്ട്രീറ്റ് ലൈറ്റുകൾക്ക് കണക്ഷൻ ലഭ്യമാക്കുന്നത് എപ്രകാരമാണ് എന്ന് വിശദമാക്കാമോ?

<u>മറുപടി:</u> നിലവിൽ സ്ട്രീറ്റ് ലൈറ്റും സംവിധാനങ്ങളും ഉള്ള സ്ഥലങ്ങളിൽ കെ.എസ്.ഇ.ബി. വൈദ്യുതി ലൈനുകൾ ABC കേബിളുകളാക്കി മാറ്റുമ്പോൾ സ്ട്രീറ്റ് ലൈറ്റ് കണക്ഷൻ അതിന്റെ ഭാഗമായി തന്നെ മാറ്റി സ്ഥാപിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ